**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3345 | 19.06.2019-ൽ മറുപടിക്ക്

**കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി. തോമസ് | ഡോ. കെ. ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ് (KRNNIVSA) യിലെ അനിമേഷൻ & വി.എഫ്.എക്സ്. ഡിപ്പാർട്ട്മെന്റിന്റെ ന്യൂനതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) ഉണ്ട്. കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ് (KRNNIVSA) ലെ അനിമേഷൻ & വി.എഫ്.എക്സ്. ഡിപ്പാർട്ട്മെന്റിന്റെ ന്യൂനതകൾ പരിഹരിക്കണമന്ന് ആവശ്യപ്പെട്ട് സർക്കാരിൽ ലഭിച്ച പരാതി ഡയറക്ടർക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിനായി അയച്ചു കൊടുത്തിട്ടുണ്ട്. |
| (ബി) ഇവിടത്തെ ന്യൂനതകൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>(സി) ഇല്ലെങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) & (സി) അനിമേഷൻ & വി.എഫ്.എക്സ്. ഡിപ്പാർട്ട്മെന്റിൽ ആവശ്യത്തിനു ക്ലാസ്സുകളില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ പ്രശസ്ത അനിമേഷൻ & വി.എഫ്.എക്സ്. വിദഗ്ദനായ ശ്രീ. ഹരിവർമ്മയെ ക്രീയേറ്റീവ് കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. കൂടാതെ ശ്രീമതി. മാളു മോഹനെ അസോസിയേറ്റ് പ്രൊഫസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഒപ്പം കാലാനുസൃതമായി സിലബസ് പരിഷ്കരണം. പ്രശസ്ത 2D അനിമേഷൻ വിദഗ്ദനായ ശ്രീ. സുരേഷ് ഇ. സി.യുടെ നേതൃത്വത്തിൽ അഡ്വാൻസ്ഡ് സ്റ്റോറി ബോർഡിംഗ് & |

പ്രവീസ്. ശ്രീ. അംബീഷിന്റെ നേതൃത്വത്തിൽ ക്ലേ മോഡലിംഗ് വർക്ക്ഷോപ്പ്. ശ്രീ. പ്രോസെൻജിത് ഗാംഗുലിയുടെ നേതൃത്വത്തിൽ പ്രൊഡക്ഷൻ ഡിസൈൻ വർക്ക്ഷോപ്പ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിലെ കമ്പ്യൂട്ടറുകൾക്ക് ആവശ്യമായ കോൺഫിഗറേഷൻ ഇല്ലായെന്ന പരാതിയിന്മേൽ പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനോ ലീസിൽ എടുക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സോഫ്റ്റ് വെയറുകൾ സംബന്ധിച്ച പരാതിയും വകുപ്പുകൾ തമ്മിൽ സഹകരണം വർധിപ്പിക്കുന്നത് സംബന്ധിച്ച പരാതിയും പരിഹരിക്കുന്നതിനുള്ള നടപടികൾ ഡീൻ സ്വീകരിച്ചിട്ടുണ്ട്. 2014 ബാച്ചിന്റെ ഫൈനൽ ഡിപ്ലോമ ഫിലിം പ്രോജക്ട് പൂർത്തിയായി വരികയാണ്. അദ്ധ്യാപകരുടെയും വിദഗ്ധരുടെയും സഹായത്തോടെ 2015 ബാച്ചിന്റെ ഡിപ്ലോമ ഫിലിം തയ്യാറായി വരുന്നു.

സെക്ഷൻ ഓഫീസർ.